## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3108 | 24/02/2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

**ചോദ്യം**

ശ്രീ. സി.കൃഷ്ണൻ

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധന സഹായം അനുവദിച്ച് ഉത്തര വായതു പ്രകാരം എത്ര തുക വിതരണം ചെയ്യാൻ ബാക്കിയു ണ്ടെന്ന് ജില്ല അടിസ്ഥാന ത്തിൽ വിശദമാക്കാമോ;

(എ)

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 4,69,18,804 |
| കൊല്ലം | 1,88,39,500 |
| പത്തനംതിട്ട | 3,45,71,000 |
| ആലപ്പുഴ | 1,51,99,500 |
| കോട്ടയം | 5,00,00,000 |
| ഇടുക്കി | 4,24,85,000 |
| എറണാകുളം | 7,00,00,000 |
| തൃശ്ശൂർ | 1,27,94,000 |
| പാലക്കാട് | 3,76,46,473 |
| മലപ്പുറം | 5,36,57,718 |
| കോഴിക്കോട് | 2,88,11,500 |
| വയനാട് | 50,00,000 |
| കണ്ണൂർ | 98,50,000 |
| കാസറഗോഡ് | 3,37,67,005 |
| ആകെ | 45,95,40,500 |

(ബി) പ്രസ്തുത തുക വിതരണം ചെയ്യാൻ നടപടികൾ സ്വീകരി ച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാ മോ;

(സി) ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവായവർക്ക് എപ്പോൾ തുക വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(ബി) യും (സി) യും

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടു വിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടു ന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദി ക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദി ക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ